(ബി) & (സി) ലിസ്റ്റ് അനുബന്ധം I ആയി ചേർത്തിരിക്കുന്നു.†

(ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ഇ) നടപടി സ്വീകരിച്ചുവരുന്നു.

(എഫ്) ലിസ്റ്റ് അനുബന്ധം II ആയി ചേർത്തിരിക്കുന്നു.†

സീനിയർ അസിസ്റ്റന്റുമാരുടെ സീനിയോറിറ്റി ലിസ്റ്റ്

52 [2812] *ശ്രീ. ജോസഫ് എം. പുരുശ്ശേരി*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നരുകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ബോർഡിൽ സീനിയർ അസിസ്റ്റന്റുമാരുടെ സീനിയോറിറ്റി ലിസ്റ്റ് അവസാനമായി പ്രസിദ്ധീകരിച്ചത് എന്നാണ്;

(ബി) അതിന്റെ ഒരു കോപ്പി ലഭ്യമാക്കാമോ;

(സി) പുതിയ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് എന്തെങ്കിലും നടപടി ആരംഭിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1-1-2002 തീയതിവച്ചുള്ള സീനിയോറിറ്റി ലിസ്റ്റ് 17-5-2003-ൽ പ്രസിദ്ധീകരിച്ചു.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) ഇല്ല.

(ഡി) സ്വീകരിക്കാവുന്നതാണ്.

കെ. എസ്. ഇ. ബി.യിലെ ഉദ്യോഗക്കയറ്റം

53 [2803] *ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ഇ. ബി.യിലെ ഓഫീസ് അറ്റൻഡർമാരെ ജൂനിയർ അസിസ്റ്റന്റ്/കാഷ്യർമാരായി ഉദ്യോഗക്കയറ്റം നൽകിക്കൊണ്ട് 6-7-2005-ൽ പുറത്തിറക്കിയ ബി. ഒ. (എഫ്.ബി.) നമ്പർ 2076/2005-ലെ ഉത്തരവുപ്രകാരം എത്ര പേർക്കാണ് ഉദ്യോഗക്കയറ്റം നൽകിയതെന്ന് വ്യക്തമാക്കുമോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly